## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*28 — 25.04.2017 ൽ മറുപടിക്ക്

**സർക്കാർ ആശുപത്രികളെ മികച്ച സേവനകേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ<br>,, കെ.സുരേഷ് കുറുപ്പ്<br>,, ഒ. ആർ. കേളു<br>,, മുരളി പെരുനെല്ലി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ഇൻഡ്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡിനനുസൃതമായി വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികൾക്കുണ്ടായിരിക്കേണ്ട നിലവാരം എന്തെല്ലാമാണ്; സംസ്ഥാനത്തെ സ്ഥാപനങ്ങൾ ഈ നിലവാരത്തിലേക്ക് ഉയർന്നിട്ടുണ്ടോ; | (എ) | സബ്സെന്റർ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ/താലൂക്ക് ആശുപത്രികൾ/ജില്ലാ ആശുപത്രികൾ എന്നിവയ്ക്ക് ഗവൺമെന്റ് ഓഫ് ഇൻഡ്യ ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റാൻഡേർഡിൽ പറയുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു:<br>1. ആശുപത്രിയിൽ ലഭ്യമാക്കേണ്ട സേവനങ്ങൾ<br>2. ആശുപത്രിയിൽ ലഭ്യമാക്കേണ്ട മരുന്നുകൾ<br>3. ആശുപത്രിയിൽ ലഭ്യമാക്കേണ്ട ഉപകരണങ്ങൾ<br>4. ആശുപത്രിയിൽ ലഭ്യമാക്കേണ്ട ഭൗതിക സൗകര്യങ്ങൾ<br>5. ഗുണനിലവാരം<br>6. രോഗി സുരക്ഷയും അണുബാധ നിയന്ത്രണവും<br>7. നിയമപരമായി നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ<br>ആരോഗ്യ കേരള മിഷന്റെ ഭാഗമായി ആശുപത്രിയിലെ OP/IP, പ്രസവങ്ങൾ തുടങ്ങിയവയുടെ എണ്ണം കണക്കിലെടുത്ത് തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ആവശ്യമായ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>ആശുപത്രികളിൽ പൊതുവെ നടപ്പിലാക്കേണ്ട രോഗീസുരക്ഷ, അണുബാധ നിയന്ത്രണം, ക്വാളിറ്റി അഷ്വറൻസ് എന്നീ കാര്യങ്ങൾ എല്ലാ ആശുപത്രികളിലും വിവിധ പദ്ധതികളായ കാഷ് അക്രഡിറ്റേഷൻ, കായകൽപ്പ, നാഷണൽ ക്വാളിറ്റി സ്റ്റാൻഡേർഡ് എന്നീ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കിടത്തി ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികൾ അമിത നിരക്ക് ഈടാക്കുന്നുണ്ടെങ്കിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിൽ പോലും കിടത്തി ചികിത്സ തേടുന്ന രോഗികളുടെ എണ്ണം വളരെ കുറവാകുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | അടിസ്ഥാന സൗകര്യങ്ങളുടേയും, മതിയായ ജീവനക്കാരുടെ അഭാവവും മേൽ പറയുന്ന ആശുപത്രികളിൽ കിടത്തി ചികിത്സ തേടുന്ന രോഗികളുടെ എണ്ണം കുറയുന്നതിന് കാരണമാകുന്നുണ്ട്. അതോടൊപ്പം മുൻകാലങ്ങളിൽ കിടത്തി ചികിത്സ ആവശ്യമായിരുന്ന പല രോഗങ്ങൾക്കും ഇപ്പോൾ ഫലപ്രദമായ മരുന്നുകൾ വഴി ഒ.പി.ചികിത്സ നൽകാൻ കഴിയുന്നുണ്ട്. ഒ.പി.ചികിത്സയ്ക്ക് വരുന്നവരുടെ എണ്ണത്തിൽ ഈ അടുത്ത കാലത്തായി വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | ത്വരിതഗതിയിലുള്ള സേവനവും മാന്യമായ അടിസ്ഥാന സൗകര്യവും ഒരുക്കി സർക്കാർ ആശുപത്രികളെ മികച്ച സേവനകേന്ദ്രങ്ങളാക്കി മാറ്റാൻ ഏതു വിധത്തിലുള്ള ഇടപെടലുകൾ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാന സർക്കാരിന്റെ നവ കേരള മിഷന്റെ ഭാഗമായി കേരളത്തിലെ ആരോഗ്യ സേവന രംഗത്ത് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 'ആർദ്രം' ദൗത്യം സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സർക്കാർ ആശുപത്രികളുടെ ഒ.പി.വിഭാഗവും ആശുപത്രികളും രോഗി സൗഹൃദമാക്കുക. ഒ.പി.വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ഇതിലൂടെ ലക്ഷ്യമിടുന്നു.<br><br>വ്യത്യസ്ത മാനദണ്ഡങ്ങളോടെ പ്രവർത്തിക്കുന്ന ജില്ലാ/താലൂക്ക് തല ആശുപത്രികളെ നിശ്ചിത മാനദണ്ഡത്തിൽ ഏകീകരിക്കുന്നതിനും ആയതിന്റെ ചികിത്സാ സൗകര്യങ്ങൾ പുനർ ക്രമീകരിക്കുന്നതിനും 'ആർദ്രം' ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ